ഉത്തരം

(എ, ബി) ടൂറിസം വികസനത്തിനായി സംസ്ഥാനത്ത് മുതൽ മുടക്കുന്നത് പ്രധാനമായും സ്വകാര്യ സംരംഭകരാണ്. കൂടാതെ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളും മുതൽമുടക്കാറുണ്ട്. ഇവരുടെ എല്ലാം കൂടിയുള്ള മൊത്തം മുതൽമുടക്ക് എത്രയാണെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(സി, ഡി) സതേൺ ഫണ്ട്സിറ്റി, അബുദാബി, ട്രാൻസ്നിസോർസ് കോർപ്പറേഷൻ, മലേഷ്യ, ഹോളിഡേ ഗ്രൂപ്പ് ഓഫ് കമ്പനീസ്, ഖന ഗ്രൂപ്പ് ഓഫ് ഹോട്ടൽസ്, ഭൂത് ഹോട്ടൽസ് എന്നീ സ്ഥാപനങ്ങൾ മുതൽമുടക്കുവാൻ സന്നദ്ധരായിട്ടുണ്ട്. ആരുമായും ധാരണാപത്രം ഒപ്പുവച്ചിട്ടില്ല.

ഓണാഘോഷം ഒഴിവാക്കണമെന്ന അഭിപ്രായം

82 [2071] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം മുതൽ പ്രമുഖ നഗരങ്ങളിൽ ഓണം വാരാഘോഷം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇതിനായി സംസ്ഥാന സർക്കാർ നേരിട്ട് എന്തുമാത്രം തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു; കേന്ദ്രസഹായത്തിന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സുനാമിയുടേയും പ്രകൃതിക്ഷോഭങ്ങളുടേയും കാർഷികരംഗത്തെ കെടുതികളുടേയും പശ്ചാത്തലത്തിൽ ആഘോഷങ്ങളിൽ നിന്ന് വിട്ടു നിൽക്കണമെന്ന അഭിപ്രായം സർക്കാരിനുണ്ടോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വിപുലമായ രീതിയിലും ഇതര ജില്ലാ ആസ്ഥാനങ്ങളിൽ ചെറിയ തോതിലും ഓണാഘോഷപരിപാടികളും നടത്താൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ട്.

(ബി) കൊച്ചി, കോഴിക്കോട് ജില്ലകളിലൊഴികെ മുൻവർഷങ്ങളിലേതുപോലെ തുക അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്. കൊച്ചി, കോഴിക്കോട് ജില്ലകളിൽ കൂടുതൽ തുക അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടില്ല.

(സി) മലയാളികളുടെ ദേശീയോൽസവമായ 'ഓണം' വളരെയധികം തദ്ദേശീയരും വിദേശീയരുമായ വിനോദസഞ്ചാരികളെ ആകർഷിച്ചുവരുന്നു. ഈ ആഘോഷം അതിന്റെ തനിമയും പാരമ്പര്യവും നിലനിർത്തി ആഘോഷിക്കുന്നതിനും നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ പരിപോഷിപ്പിക്കുന്നതിനുമായി അവയ്ക്ക് ഒരു വേദി ഉണ്ടാക്കുന്നതിനുവേണ്ടിയാണ് പ്രധാനമായും സർക്കാർ തലത്തിൽ ഓണാഘോഷം നടത്തിവരുന്നത്. ഇതിനായി ടൂറിസം കലണ്ടറിലും, വെബ്സൈറ്റിലും,

LIBRARY ARCHIVES Kerala Legislative Assembly

ബ്രോഷറുകളിലും ഓണാഘോഷം വളരെ പ്രാധാന്യം നൽകി പ്രചരിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഒട്ടേറെ ടൂർ പാക്കേജുകളും കേരളത്തിനകത്തും പുറത്തുമുള്ള ടൂർ ഓപ്പറേറ്റർമാർ നടത്തിവരുന്നു. ഇക്കാരണങ്ങളാൽ ഓണാഘോഷത്തിൽ നിന്നും സർക്കാർ വിട്ടുനിന്നാൽ അത് കേരള ടൂറിസത്തിന്റെ വിശ്വാസ്യതയ്ക്ക് കോട്ടം വരുത്തുകയും ഒപ്പം ടൂറിസത്തിന്റെ ഇപ്പോഴുള്ള വളർച്ചയെ സാരമായി ബാധിക്കുകയും ചെയ്യും. ആയതിനാൽ ഓണാഘോഷം സർക്കാർ തലത്തിൽ നടത്തണമെന്നതാണ് സർക്കാരിന്റെ നിലപാട്.

സ്വകാര്യസംരംഭകർക്ക് കൈമാറാനുദ്ദേശിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ

83 [2072] ശ്രീ. മത്തായി ചാക്കോ:
,, വി. കെ. ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള ഗസ്റ്റ്ഹൗസുകളോ മറ്റേതെങ്കിലും സ്ഥാപനങ്ങളോ സ്വകാര്യമേഖലയ്ക്ക് കൈമാറാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്വകാര്യ സംരംഭകരെ കണ്ടെത്തി കൈമാറാൻ ഉദ്ദേശിക്കുന്ന വിനോദസഞ്ചാരകേന്ദ്രങ്ങളും സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണ് കേന്ദ്രങ്ങൾ കൈമാറാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) മറ്റ് ഏതെങ്കിലും ഏജൻസികളുടെ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കാനുദ്ദേശിക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെയാണ്?

ഉത്തരം

(എ) ഇല്ല.

(ബി) 1. തിരുനെല്ലി യാത്രി നിവാസ്,
2. കൊണ്ടോട്ടി യാത്രി നിവാസ്
3. കാലടി യാത്രിനിവാസ്
4. തലപ്പാടി വഴിയോരവിശ്രമകേന്ദ്രം
5. വാളറ വഴിയോര വിശ്രമകേന്ദ്രം

(സി) മേൽപ്പറഞ്ഞ യൂണിറ്റുകൾ പാട്ടവ്യവസ്ഥയിൽ ടെണ്ടറിലൂടെയാണ് സ്വകാര്യസംരംഭകർക്ക് നടത്തിപ്പിനായി കൈമാറാൻ ഉദ്ദേശിക്കുന്നത്. ഇവ കൈമാറ്റം ചെയ്യപ്പെടുമ്പോൾ പ്രധാനമായും താഴെ പറയുന്ന കാര്യങ്ങളാണ് നിഷ്കർഷിക്കാൻ ഉദ്ദേശിക്കുന്നത്:

1. വസ്തുവകകൾ ടൂറിസം വകുപ്പിന്റെ അധീനതയിൽ തന്നെയായിരിക്കുമെങ്കിലും ലേലം കൊണ്ടയാളിന് കാലാകാലം വ്യവസ്ഥകൾ പ്രകാരം യൂണിറ്റ് പ്രവർത്തിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly